(സി) കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ക്രമാതീതമായ വില വർദ്ധനവ് നിയന്ത്രിക്കുവാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

കേരളത്തിൽ പാലുല്പാദനത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചെലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുകയെന്ന ലക്ഷ്യത്തോടെ ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം തീറ്റപ്പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് കാലിത്തീറ്റ നിർമ്മാണത്തിനായുള്ള ഒരു നൂതനപദ്ധതിയും പുരോഗമിച്ചുവരുന്നു.

(ഡി) പാലുല്പാദനം ഗണ്യമായി വർദ്ധിക്കുന്ന സാഹചര്യമുണ്ടായാൽ അനുബന്ധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ചുള്ള നയം വ്യക്തമാക്കാമോ; ക്ഷീരകർഷകർ കോവിഡ് കാലഘട്ടത്തിൽ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

പാലുല്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുള്ള നിലവിലെ സാഹചര്യത്തിൽ എല്ലാ മിൽമ പ്ലാന്റുകളിലും പാലുല്പന്നങ്ങൾ നിർമ്മിച്ചുവരുന്നു. സംസ്ഥാനത്തിനകത്ത് പാൽപ്പൊടി നിർമ്മിക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് കേന്ദ്രമാക്കി ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കോവിഡ് നിരീക്ഷണത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000 രൂപയും കോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000 രൂപയും കൂടാതെ മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് ലിറ്ററിന് 1.00 രൂപ നിരക്കിൽ ആശ്വാസ ധനസഹായവും ക്ഷീര കർഷക ക്ഷേമനിധി ബോർഡ് മുഖാന്തരം നൽകിയിട്ടുണ്ട്. (കുറഞ്ഞത് 250 രൂപ പരമാവധി 1,000 രൂപ).

കാലിത്തീറ്റയുടെ വില വർദ്ധനവ്

271 (2991) ശ്രീ. ടി. സിദ്ദീഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ വില വർദ്ധനവ് കർഷകരെ പ്രതികൂലമായി ബാധിക്കുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കാലിത്തീറ്റയുടെ വില വർദ്ധനവ് തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) കാലിത്തീറ്റ ഉത്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാം തന്നെ അന്യസംസ്ഥാനങ്ങളിൽനിന്നും ലഭ്യമാക്കുന്നവയാണ്. അസംസ്കൃത വസ്തുക്കളുടെ വിലയനുസരിച്ചാണ് കാലിത്തീറ്റ ഉല്പാദന ചെലവിലും വിലയിലും മാറ്റം വരുന്നത്. കോവിഡ് മഹാമാരിയുടെ അതിവ്യാപനവും ഡീസൽ വിലയിലുണ്ടായ വർദ്ധനവും ഉൽപാദന മേഖലയിലുണ്ടായിട്ടുള്ള പ്രതികൂല കാലാവസ്ഥയും അസംസ്കൃത പദാർത്ഥങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. എന്നിരുന്നാലും അസംസ്കൃത പദാർത്ഥങ്ങളുടെ വിലവർദ്ധനവിനാനുപാതികമായി വില വർദ്ധിപ്പിക്കാതെയാണ് കേരള ഫീഡ്സ് ലിമിറ്റഡ്, മിൽമ എന്നിവർ കാലിത്തീറ്റ വിതരണം ചെയ്യുന്നത്. കൂടാതെ 2019-ലെ കാലിത്തീറ്റ വിലയാണ് ഇപ്പോഴും നിലവിലുള്ളത്. മിൽമ കഴിഞ്ഞ വർഷം നൽകിവന്നിരുന്ന ഡിസ്കൗണ്ടുകൾ പിൻവലിച്ചിട്ടുണ്ട്. കാലിത്തീറ്റ ഉത്പാദിപ്പിക്കുന്നതിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ വിവിധ പഞ്ചായത്തുകളുമായി ചേർന്ന് ചില അസംസ്കൃത പദാർത്ഥങ്ങളുടെ ഉൽപ്പാദനം നടത്താൻ കേരള ഫീഡ്സ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പൂർണ്ണമായും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒരു കാലിത്തീറ്റ ഫാക്ടറി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള ഫീഡ്സ് ലിമിറ്റഡ് പൂർണ്ണമായും സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനമാണ്. പുതിയ പദ്ധതികളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനു വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

മൃഗസംരംക്ഷണ വകുപ്പും ക്ഷീര വികസന വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ കാലിത്തീറ്റ പദ്ധതികൾക്ക് അതാത് വകുപ്പുകൾ സബ്സിഡി അനുവദിക്കുന്നുണ്ട്. ഈ പദ്ധതികൾക്ക് ഓർഡർ ലഭിക്കുന്നമുറയ്ക്ക് കേരള ഫീഡ്സ് ലിമിറ്റഡ് കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേരള ഫീഡ്സിന് അനുവദിച്ച മാർക്കറ്റ് ഇന്റർവെൻഷൻ ഫണ്ട് പയോഗിച്ച് 58,072 മെടിക് ടൺ കാലിത്തീറ്റ സബ്സിഡി ഇനത്തിൽ വിതരണം നടത്തിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ദുരിതമനുഭവിക്കുന്ന ക്ഷീരകർഷകർക്ക് കർഷക സംഘങ്ങളിൽനിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് ഒരു ചാക്കിന് 400 രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന കാലിത്തീറ്റയിൽ 1,16,878 ബാഗുകൾ മിൽമവഴി വിതരണം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly